അബൂസ്വാലിഹ

# സയണിസ്റ്റ് അസഹിഷ്ണുത ബാഴ്സിലോണക്ക് നേരെയും

**സാമ്പത്തിക** പ്രതിസന്ധിയിൽ നട്ടം തിരിയുന്ന സ്പെയിനിലെ ബാഴ്സിലോണ ഫുട്ബോൾ ക്ലബ് അതിൽനിന്ന് കരകയറാൻ വേണ്ടിയാണ് ദോഹ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഖത്തർ ഫൗണ്ടേഷനുമായി ഒരു പരസ്യക്കരാറിൽ ഒപ്പ് വെച്ചത്. ക്ലബ് അവരുടെ ജഴ്സിയിൽ ഖത്തർ ഫൗണ്ടേഷന്റെ പരസ്യ വാചകങ്ങൾ പതിക്കും. പ്രതിഫലമായി ക്ലബിന് കിട്ടുക 150 മില്യൻ യൂറോ (200 മില്യൻ ഡോളർ). അഞ്ചു വർഷത്തേക്കാണ് കരാർ. ഓരോ വർഷവും 30 മില്യൻ യൂറോ വീതം.

ഖത്തറിന്റെ സമഗ്ര വികസനം ലക്ഷ്യം വെക്കുന്ന പൊതു സംരംഭമാണ് ഖത്തർ ഫൗണ്ടേഷൻ. അവർ സ്വന്തം കാശെടുത്ത് സ്ഥാപനത്തിന്റെ പരസ്യം നൽകുന്നതിൽ മറ്റുള്ളവർ കെറുവിക്കേണ്ട കാര്യമില്ല. പക്ഷേ ഇസ്രയേലിൽ ഭയങ്കര പുകിലാണ്. ഇസ്രയേലി പത്രങ്ങളെല്ലാം ചേർന്ന് ബാഴ്സിലോണയെ ബഹിഷ്കരിക്കുമെന്നാണ് ഭീഷണിപ്പെടുത്തിയിരിക്കുന്നത്. കാരണം? ഖത്തർ ഫൗണ്ടേഷൻ, ലോക ഇസ്ലാമിക പണ്ഡിതവേദി അധ്യക്ഷൻ ഡോ. യൂസുഫുൽ ഖറദാവിയുടെ ചില പ്രോജക്ടുകൾക്കും സഹായം നൽകുന്നുണ്ടത്രെ. ജൂത ലോബിയുടെ സമ്മർദ തന്ത്രങ്ങൾക്ക് മുമ്പിൽ ബാഴ്സിലോണ മുട്ടുമടക്കുമോ എന്ന് വരും ദിനങ്ങളിൽ അറിയാം. ■

## പശ്ചിമയൂറോപ്പിലെ ഏറ്റവും വലിയ പള്ളി റോത്തർഡാമിൽ

**ഹോളണ്ടിലെ** രണ്ടാമത്തെ വലിയ നഗരമായ റോത്തർഡാമിലാണ് പശ്ചിമ യൂറോപ്പിലെ ഏറ്റവും വലിയ മസ്ജിദ്. ഇതിന്റെ ഉദ്ഘാടന ചടങ്ങിന് കനത്ത മഞ്ഞു വീഴ്ചയെ അവഗണിച്ച് ആയിരക്കണക്കിനാളുകളാണ് എത്തിച്ചേർന്നത്. മൊറോക്കോ വംശജരുടെ അധീനതയിൽ ഇവിടെ നേരത്തെയുണ്ടായിരുന്ന പഴയ പള്ളി പൊളിച്ചാണ് പുതിയത് പണിതത്.


● അബൂത്വാലിബ്

മസ്ജിദിന്റെ നിർമാണ വേളയിൽ ഒട്ടേറെ പ്രശ്നങ്ങൾ നേരിടേണ്ടിവന്നു. പഴയ പള്ളിയുടെയും പുതിയ പള്ളിയുടെയും ഉടമസ്ഥർ തമ്മിൽ തർക്കമുണ്ടായി. മിനാര വിരുദ്ധ പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ ഹോളണ്ടിലെ തീവ്രവലതുപക്ഷ കക്ഷികളും പള്ളിനിർമാണത്തിനെതിരെ രംഗത്തുവന്നു. ഈ എതിർപ്പുകളെ മറികടന്നാണ് പത്ത് മില്യനിലധികം യൂറോ ചെലവഴിച്ച് പണി പൂർത്തീകരിച്ചിരിക്കുന്നത്.



വിവിധ മതവിശ്വാസികളായ തദ്ദേശീയരെ ഐക്യപ്പെടുത്താനും അവർക്കിടയിൽ സഹവർത്തിത്വം സാധ്യമാക്കാനും പള്ളി പ്രയോജനപ്പെടണമെന്ന് ഉദ്ഘാടന വേളയിൽ റോത്തർഡാം മേയർ അഹ്മദ് അബൂത്വാലിബ് പറഞ്ഞു. ■

## ഗ്വാണ്ടനാമോ തടവുകാർ 'പരീക്ഷണ എലികൾ'




**ഗ്വാണ്ടനാമോയിലെ** തടവുകാരെ അമേരിക്കൻ സൈന്യം പരീക്ഷണ എലികളായി ഉപയോഗിക്കുകയാണെന്ന് രണ്ട് മനുഷ്യാവകാശ സംഘടനകൾ ആരോപിച്ചു. *സുഡേദോത്ഷെ സായ്തങ്* എന്ന ജർമൻ പത്രമാണ് ഇത് റിപ്പോർട്ട് ചെയ്തത്. അമേരിക്കൻ സൈന്യത്തിന്റെ കീഴിലുള്ള ലാബോറട്ടറികൾക്കും അവയുമായി ബന്ധപ്പെട്ട കമ്പനികൾക്കും വേണ്ടിയാണത്രെ മനുഷ്യത്വരഹിതമായ ഈ പരീക്ഷണങ്ങൾ. മാരകമായ പാർശ്വ ഫലങ്ങൾ ഉണ്ടാക്കുന്ന പരീക്ഷണ മരുന്നുകൾ യാതൊരു മെഡിക്കൽ ചട്ടങ്ങളും പാലിക്കാതെയാണ് തടവുകാരിൽ കുത്തിവെക്കുന്നത്. കടുത്ത നൈരാശ്യം, ആത്മഹത്യാ പ്രവണത തുടങ്ങിയ മാനസിക രോഗങ്ങൾക്ക് ഇത് കാരണമാകുന്നു. ഇതിനെതിരെ ഡോക്ടർമാരുടെ സംഘടനകൾ കടുത്ത പ്രതിഷേധം അറിയിച്ചിട്ടുണ്ട്. ■

## കിർഗിസ്താനിൽ ഭരണമാറ്റം



● *അൽമാദ് ബെക്*

**കിർഗിസ്താന്റെ** പുതിയ പ്രസിഡന്റായി അൽമാദ് ബെക് അതാംബായെഫ് തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം ഡമോക്രാറ്റിക് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാവാണ്. മുന്നണി ഘടക കക്ഷികളിൽ നിന്നുള്ളവരാണ് ഉപപ്രധാനമന്ത്രിയും പാർലമെന്റ് സ്പീക്കറും. മുൻ പ്രസിഡന്റ് കിർമാൻ സക് ബാകയേഫിന്റെ ഭരണകാലത്തുണ്ടായ വ്യാപകമായ അതിക്രമങ്ങൾക്കും രാഷ്ട്രീയ അസ്ഥിരതക്കും അറുതിവരുത്താൻ പുതിയ ഭരണകൂടത്തിന് കഴിയുമെന്നാണ് പ്രതീക്ഷ. ■

## ഒ.ഐ.സിയുടെ മെഡിറ്ററേനിയൻ സമ്മേളനം




**മുസ്‌ലിം** രാഷ്ട്ര കൂട്ടായ്മയായ ഒ.ഐ.സി ദക്ഷിണ സൈപ്രസിലെ നിക്കോഷ്യയിൽ നാലു ദിവസം നീണ്ട അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചു. 'ഇസ്‌ലാമിക സംസ്കാരം മെഡിറ്ററേനിയൻ മേഖലയിൽ' എന്നതായിരുന്നു സമ്മേളനത്തിന്റെ പൊതു ശീർഷകം. യൂറോപ്പ് അന്ധകാരത്തിൽ ആണ്ടുകിടന്ന മധ്യകാലഘട്ടത്തിൽ ഇസ്‌ലാമിക സംസ്കാരത്തിന്റെ ശാസ്ത്ര-സാങ്കേതിക വളർച്ച ലോകത്തെ എങ്ങനെ പുരോഗതിയിലേക്ക് നയിച്ചു എന്ന വിഷയത്തിന്റെ വിവിധ തലങ്ങളാണ് ചർച്ച ചെയ്യപ്പെട്ടത്. ഇന്ത്യയുൾപ്പെടെ 20 രാജ്യങ്ങളിൽ നിന്നായി 50 പ്രബന്ധങ്ങളാണ് സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ടത്. ■

## പോളിസാരിയോ- ചർച്ച പരാജയം

**പടിഞ്ഞാറൻ** സഹാറയുടെ ഭാവിയെക്കുറിച്ച് മൊറോക്കോ ഗവൺമെന്റും പോളിസാരിയോ ഫ്രന്റും തമ്മിൽ യു.എൻ ആഭിമുഖ്യത്തിൽ നടന്ന മൂന്നാം റൗണ്ട് ചർച്ചയും ഫലം കാണാതെ അവസാനിച്ചു. പുതുവർഷം വീണ്ടും വിഷയം ചർച്ച ചെയ്യാം എന്ന് മാത്രമാണ് ധാരണയായയത്. ഇതിനിടക്ക് മൊറോക്കൻ സുരക്ഷാ വിഭാഗം പടിഞ്ഞാറൻ സഹാറയിലെ ഒരു ക്യാമ്പിലേക്ക് അതിക്രമിച്ച് കയറിയത് കടുത്ത പ്രതിഷേധത്തിന് ഇടവരുത്തുകയും ചെയ്തിരുന്നു. ചർച്ച അട്ടിമറിക്കാനുള്ള ആസൂത്രിത ശ്രമമാണിതെന്ന് ആരോപണവുമുയർന്നു.

പടിഞ്ഞാറൻ സഹാറയെ മൊറോക്കോയുടെ ആധിപത്യത്തിൽ നിന്ന് മോചിപ്പിക്കുന്നതിന് വേണ്ടി രൂപം കൊണ്ട സംഘടനയാണ് പോളിസാരിയോ ഫ്രന്റ്. 1975-ൽ സ്പാനിഷ് സൈന്യം പടിഞ്ഞാറൻ സഹാറയിൽ നിന്ന് പിൻവാങ്ങിയ ശേഷം മൊറോക്കോ ആ പ്രദേശം അധീനപ്പെടുത്തുകയായിരുന്നു. മൊറോക്കോ നിയമവിരുദ്ധമായി പ്രഖ്യാപിച്ച പോളിസാരിയോ ഫ്രന്റ് 1991-ൽ യു.എൻ ആഭിമുഖ്യത്തിൽ വെടിനിർത്തൽ ഉണ്ടാവുന്നതുവരെ മൊറോക്കൻ ആധിപത്യത്തിനെതിരെ സമരം ചെയ്തുവരികയായിരുന്നു. യു.എൻ നേതൃത്വത്തിലുള്ള ഹിതപരിശോധനയിലൂടെ തങ്ങൾക്ക് സ്വയം നിർണയാവകാശവും തുടർന്ന് ഒരു സ്വതന്ത്ര രാഷ്ട്രവും വേണമെന്നാണ് സംഘടനയുടെ ആവശ്യം. ■




## അതിർത്തി മേഖലകളിൽ സംഘർഷം



**ദക്ഷിണ** സുഡാനിലെ ഹിതപരിശോധനയുടെയും തുടർന്നുണ്ടായേക്കാവുന്ന സുഡാൻ വിഭജനത്തിന്റെയും പ്രത്യാഘാതങ്ങളുടെ വ്യാപ്തി അളക്കാനാവില്ലെന്ന് രാഷ്ട്രീയ നിരീക്ഷകർ. മേഖലയിൽ സംഘർഷം ഉരുണ്ട് കൂടുകയാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇരു മേഖലകളുടെയും അതിർത്തി പ്രദേശങ്ങളിലാണ് സംഘർഷത്തിന് കൂടുതൽ സാധ്യത. പ്രത്യേകിച്ച് അബേയി നഗരത്തിൽ. ഇവിടെ മസീരിയ്യ, റുസൈഫാത്ത് പോലുള്ള അറബി ഗോത്രങ്ങളും ദിൻകനോഖ് പോലുള്ള ആഫ്രിക്കൻ ഗോത്രങ്ങളും ഇടകലർന്നാണ് താമസം. ഇവർ തമ്മിലുള്ള ഭൂമി തർക്കങ്ങൾ സാധാരണമാണെങ്കിലും അതൊരു ആഭ്യന്തര യുദ്ധമായി വളർന്നിരുന്നില്ല. വിഭജനം ഏറെക്കുറെ ഉറപ്പായിരിക്കെ, ഗോത്ര സംഘർഷങ്ങൾ തല പൊക്കി തുടങ്ങിയതായി അൽജസീറ ലേഖകൻ റിപ്പോർട്ട് ചെയ്യുന്നു. ■

## ഈജിപ്തിൽ കോപ്റ്റ് പ്രതിഷേധം

**പുതുവർഷ** ദിനത്തിൽ അലക്സാണ്ട്രിയയിലെ ഒരു ചർച്ചിലുണ്ടായ സ്ഫോടനത്തിൽ പ്രതിഷേധിച്ച് കോപ്റ്റ് ക്രിസ്ത്യൻ സമൂഹത്തിന്റെ പ്രതിഷേധം ശക്തിപ്പെടുന്നു. സ്ഫോടനത്തിൽ 23 പേർ കൊല്ലപ്പെട്ടിരുന്നു. കുറ്റവാളികളെ കണ്ടെത്താനോ തങ്ങ



ളുടെ മതസ്ഥാപനങ്ങൾക്ക് വേണ്ടപോലെ സംരക്ഷണം നൽകാനോ ഭരണകൂടം തയാറാകുന്നില്ലെന്ന് ആരോപിച്ചാണ് പ്രതിഷേധ പ്രകടനങ്ങൾ.

സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ആരും ഏറ്റെടുത്തിട്ടില്ല. ചെറിയൊരു സംഘമാകാം സ്ഫോടനം നടത്തിയത് എന്നാണ് നിഗമനം. മേഖലയിലെ പുതിയ രാഷ്ട്രീയ മത സംഭവ വികാസങ്ങളുടെ പശ്ചാത്തലത്തിൽ സ്ഫോടനത്തെക്കുറിച്ച ഒട്ടേറെ നിഗൂഢതകൾ നിലനിൽക്കുന്നുണ്ട്. ■